നമ്പർ.400949/GGDC08/GPO/2024/811/(1)

മണിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

പാലയാട്

പാലയാട്നട.പി.ഓ

കോഴിക്കോട്

Phone No:04962536221

E-mail:maniyurgramapanchayat@gmail.com

തീയതി : 20/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഹാരിസ് എം

സെക്രട്ടറി , ഹയാത്തുൽ ഇസ്ലാം സംഘം, മണിയൂർ

സർ,

വിഷയം:- നവ കേരള സദസ്സ് - മണിയൂർ ഗ്രാമ പഞ്ചായത്ത് - കെട്ടിടത്തിന്റെ ക്രമവൽക്കരണ അനുമതി സംബന്ധിച്ച് -

സൂചന:- ബഹു : കേരള മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത നവ കേരള സദസ്സിൽ താങ്കൾ സമർപ്പിച്ച KZD0202141 നമ്പർ അപേക്ഷ .

സൂചന പ്രകാരം താങ്കൾ നവ കേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചതിൽ, താങ്കൾ 22.09.2022 തിയ്യതി 2817/2022 പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കായി അപേക്ഷ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ആയതിൽ സ്ഥലപരിശോധന നടത്തുന്നതിനായി 22.09.2022 തിയ്യതി അസി എഞ്ചിനിയർക്ക് കൈമാറിയിരുന്നു. സ്ഥലപരിശോധന നടത്തിയതിൽ അപാകതകൾ ഉള്ളതായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം സൈറ്റ് പ്ലാനിൽ ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയത് തെറ്റാണ്. നിലവിലുള്ള കെട്ടിടത്തിൻറെ 10/463 വിസ്തീർണ്ണം സമർപ്പിച്ച പ്ലാൻ പ്രകാരവും, അസസ്മെൻറ് രജിസ്റ്റർപ്രകാരവും 202.80 M2 ആണ്. എന്നാൽ പ്രസ്തുത കെട്ടിടം 3 നിലകളിലായി ഉദ്ധേശം 600 M2 ഉണ്ടാകും. KPBR 3 (1) D പ്രകാരം നിലവിലുള്ള കെട്ടിടം നിയമാനുസൃതമാണെങ്കിലെ അനുമതി നൽകാൻ കഴിയുകയുള്ളു. സൈറ്റ് പ്ലാൻ നിലവിലെ സൈറ്റുമായി യോജിക്കുന്നില്ല. പ്രസ്തുത അപാകത വിവരം താങ്കളെ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ തയ്യാറാക്കിയ എഞ്ചിനിയറോട് വിശദീകരണം അവശ്യപ്പെട്ട് നോട്ടിസ് നൽകിയിട്ടുണ്ട് . ടി അപേക്ഷ അദാലത്തിൽ പരിഗണിച്ചിരുന്നു. സൈറ്റിലുള്ള അധിക നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് പ്ലാൻ സമർപ്പിക്കുന്നതിന് അദാലത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം താങ്കൾ ക്രമവൽക്കരണ പ്ലാൻ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു .

വിശ്വസ്തതയോടെ,

സജിത്ത് കുമാർ എം കെ

സെക്രട്ടറി

പകർപ്പ്: 1. ജോയിന്റ് ഡയരക്ടർ
തദ്ദേശ സ്വയം ഭരണ വകുപ്പ് ,കോഴിക്കോട് (അറിവിലേക്കായി )

Signature Not Verified
Digitally signed by SAJITH KUMAR M K
Date: 2024.01.20 15:24:44 IST
Reason: ILGMS Govt. of kerala